## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1796** **31-08-2022 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് സർവീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ദീർഘദൂര സർവീസ് ലക്ഷ്യമിട്ട് ആവിഷ്കരിച്ച കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിയ്ക്ക് ഹ്രസ്വദൂര റൂട്ടുകൾ കൈമാറാൻ തീരുമാനിച്ച സാഹചര്യം വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ യാതൊരു റൂട്ടുകളും സ്വിഫ്റ്റ് കമ്പനി അടക്കം ആർക്കും കൈമാറിയിട്ടില്ല. സ്വിഫ്റ്റ് ബസ്സും ക്രൂവും വാടകയ്ക്ക് ലഭ്യമാക്കി കെ.എസ്.ആർ.ടി.സി.യാണ് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നത്. ദീർഘദൂര സർവ്വീസുകളുടെ പ്രതികിലോമീറ്റർ ചെലവിനേക്കാൾ കൂടുതലാണ് ഹ്രസ്വദൂര സർവ്വീസുകളുടെ പ്രതികിലോമീറ്റർ ചെലവ്. ഈ സാഹചര്യത്തിൽ ചെലവ് കുറയ്ക്കുന്നതിന് പ്രതികിലോമീറ്റർ ചെലവ് വളരെ കുറവുള്ള സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ സിറ്റി സർവ്വീസിന് ഉപയോഗിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരെ ദീർഘദൂര / മൊഫ്യൂസിൽ സർവ്വീസിൽ നിയോഗിക്കുവാൻ കഴിയും. ചെലവ് ചുരുക്കി കൂടുതൽ വരുമാനം ലഭ്യമാക്കുവാനും സഹായിക്കും എന്നതിനാലാണ് ചെലവേറിയ ഹ്രസ്വദൂര റൂട്ടുകളിലും സ്വിഫ്റ്റ് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ എടുത്ത് കെ.എസ്.ആർ.ടി.സി. നടത്തി വരുന്നത്. ഇത്തരത്തിൽ ഇന്ധന ചെലവ് ഇനത്തിൽ മാത്രം ഏതാണ്ട് 26/- രൂപ ഒരു കിലോമീറ്ററിന് കുറവ് വരുന്നതായി കാണുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകൾ ഒന്നും തന്നെ KSRTC-SWIFTന് കൈമാറിയിട്ടില്ല. G.O. (Ms) No. 58/2021/TRANS dt.11.12.2021 പ്രകാരം രൂപീകരിച്ച കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവീസുകൾ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ പിന്തുണ നൽകുക. |

| | | | |
|---|---|---|---|
| | | | 2. കിഫ്ബി ലോൺ മുഖാന്തിരവും, പ്ലാൻ ഫണ്ട് ഉപയോഗിച്ചും വാങ്ങുന്ന പുതിയ ബസ്സുകൾ എന്നിവ ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന് കീഴിൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക.<br><br>ആയതിനാൽ കിഫ്ബിയിൽ നിന്നുള്ള വായ്പ വിനിയോഗിച്ച് KSRTC-SWIFT വാങ്ങിയിട്ടുള്ള ഹ്രസ്വദൂര ബസ്സുകളും KSRTC ആണ് operate ചെയ്യുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് സർവീസിന്റെ നാളിതുവരെയുള്ള പ്രതിമാസ വരുമാനം, ചെലവ്, ലാഭം, സ്വിഫ്റ്റ് കമ്പനിയിൽ നിന്നും കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിലേക്ക് ലഭിച്ച തുക എന്നിവ വ്യക്തമാക്കുമോ; | (ബി) | നാളിതുവരെയുള്ള വരുമാനം ചുവടെ ചേർക്കുന്നു.<br><br>13.04.2022 മുതൽ 30.04.2022 വരെ - 1,44,29,756/-<br><br>01.05.2022 മുതൽ 31.05.2022 വരെ - 5,24,27,736/-<br><br>01.06.2022 മുതൽ 30.06.2022 വരെ - 6,46,88,926/-<br><br>01.07.2022 മുതൽ 31.07.2022 വരെ - 6,81,35,233/-<br><br>01.08.2022 മുതൽ 25.08.2022 വരെ - 5,93,08,124/-.<br><br>ആകെ 25,89,89,775/- രൂപ.<br><br>ചെലവ് സ്വിഫ്റ്റിന്റെ എ.സി. സ്ലീപ്പറിന് പ്രതി കിലോമീറ്ററിന് 27.72 രൂപയും, എ.സി. സീറ്ററിന് 24.95 രൂപയും, എ.സി. ഡീലക്സിന് 22.5 രൂപയും നിരക്കിൽ വാടക ഇനത്തിൽ ചെലവാകുന്നുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്-ന്റെ സർവ്വീസ് ഓപ്പറേഷൻ വഴി ലഭ്യമാകുന്ന വരുമാനം പൂർണ്ണമായും കെ.എസ്.ആർ.ടി.സി. ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ പേരിലുള്ള പ്രത്യേക അക്കൗണ്ടിലാണ് ഒടുക്കുന്നത്.<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിനായി ജീവനക്കാർക്ക് ശമ്പള ഇനത്തിൽ നാളിതുവരെ ചിലവായ തുക ചുവടെ ചേർക്കുന്നു.<br><br>2022 ഏപ്രിൽ - 12,43,595/-<br><br>2022 മേയ് - 49,68,890/- |

| | | | |
|---|---|---|---|
| | | | 2022 ജൂൺ - 64,96,423/-<br><br>2022 ജൂലായ് - 82,14,000/-<br><br>സ്വിഫ്റ്റ് കമ്പനിയിൽ നിന്നും കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിലേക്ക് തുക ലഭ്യമാക്കേണ്ട സാഹചര്യം നില നിൽക്കുന്നില്ല സ്വിഫ്റ്റ് ബസ്സുകളിൽ നിന്നുള്ള വരുമാനം കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിലേക്കാണ് പോകുന്നത്. |
| (സി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് മുഖേന സിറ്റി സർക്കുലർ സർവീസുകൾ നടത്തുന്നത് നിലവിൽ ലാഭകരമാണോ; എങ്കിൽ കഴിഞ്ഞ രണ്ടുമാസത്തെ വരുമാനം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന സിറ്റി സർക്കുലർ സർവീസുകൾ നടത്തുന്നത് നിലവിൽ പ്രവർത്തന ലാഭത്തിലാണ്. ഇന്ധന ഇനത്തിൽ മാത്രം ഏതാണ്ട് 26 രൂപ ഒരു കി.മീറ്ററിന് കുറവ് വരുന്നതായി കണക്കാക്കിയിട്ടുണ്ട്.<br><br>കഴിഞ്ഞ രണ്ടുമാസത്തെ വരുമാനം ചുവടെ ചേർക്കുന്നു.<br><br>ജൂൺ 2022 - 72,23,561/-<br><br>ജൂലൈ 2022 - 74,14,323/-. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക്കൽ/ഡീസൽ ബസുകളുടെ എണ്ണം എത്രയെന്നും എത്ര സീറ്റിംഗ് കപ്പാസിറ്റി ഉള്ള എത്ര എണ്ണം വീതം ബസുകളാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി.ക്ക് വേണ്ടി ഇലക്ട്രിക്കൽ / ഡീസൽ ബസുകൾ വാങ്ങിയിട്ടില്ല. |
| (ഇ) | കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക് ബസുകളുടെ സീറ്റിംഗ് കപ്പാസിറ്റി, ഒരു ബസിന്റെ ശരാശരി വില, അതേ സീറ്റിംഗ് കപ്പാസിറ്റിയുള്ള ഒരു ഡീസൽ ബസിന്റെ വില, ഇലക്ട്രിക് ബസ് വാങ്ങിയ ഇനത്തിൽ ചെലവഴിച്ചിട്ടുള്ള ആകെ തുക എന്നിവ വിശദമാക്കുമോ; | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി.ക്ക് വേണ്ടി ഇലക്ട്രിക്കൽ / ഡീസൽ ബസുകൾ വാങ്ങിയിട്ടില്ല. |
| (എഫ്) | പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി. ബസുകൾ വാങ്ങുന്നതിന് സ്വീകരിച്ച ടെണ്ടർ നടപടിക്രമങ്ങളുടെ വിശദാംശം, ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി.ക്ക് വേണ്ടി ഇലക്ട്രിക്കൽ / ഡീസൽ ബസുകൾ വാങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ